**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **15-03-2022 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന മൃഗാശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയുടെ ആസ്തിയും ജീവനക്കാരെയും പൂർണ്ണമായും അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വിട്ടു നൽകി ഉത്തരവായിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (എ) | പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന മൃഗാശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയുടെ ആസ്തിയും ജീവനക്കാരെയും പൂർണ്ണമായും അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വിട്ടു നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ ഡിസ്പെൻസറികളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ലാതെ പ്രസ്തുത പഞ്ചായത്ത് ആസ്തികളിൽ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തിന്റെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതികൾക്ക് അധികാരമുണ്ടോ എന്നു വ്യക്തമാക്കാമോ; | (ബി) | ഈ ഡിസ്പെൻസറികളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ലാതെ പ്രസ്തുത പഞ്ചായത്ത് ആസ്തികളിൽ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തിന്റെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതികൾക്ക് അധികാരമില്ല. കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോട് അനുബന്ധിച്ചുള്ള വസ്തു വകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കു മാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും, മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്താൻ പാടില്ലായെന്നും സ.ഉ(സാധാ) നമ്പർ 677/2003/ എൽ.എസ്.ജി.ഡി തീയതി 27/02/ 2003 പ്രകാരവും, 2011 ലെ കേരള പഞ്ചായത്തു രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്തു ഡയറക്ടറുടെ 08/01/2018ലെ സി2/15471/18 സർക്കുലർ പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഏതു ആവശ്യത്തിനാണോ നിലകൊള്ളുന്നത് ആയതു അതേപടി നില നിർത്തിക്കൊണ്ട് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു മാത്രം ഉപയോഗിക്കുവാനാണ് നിലവിലെ സർക്കാർ ചട്ടങ്ങൾ നിഷ്കർച്ചിട്ടുള്ളത് . |
| (സി) | മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ 7570/ എം3/എ.എച്ച്.ഡി./2021 എന്ന ഫയലിലെ തീർപ്പ് നിയമാനുസൃതമാണോ എന്നു വ്യക്തമാക്കാമോ; | (സി) | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ 7570/എം3/ എ.എച്ച്.ഡി./2021 എന്ന നമ്പർ ഫയൽ നിലവിൽ തീർപ്പാക്കിയിട്ടില്ല. പ്രസ്തുത ഫയലിന്റെ പകർപ്പ് |

| | | | |
|---|---|---|---|
| | ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; നിയമാനുസൃതമല്ലെങ്കിൽ പ്രസ്തുത തീർപ്പ് പുനപരിശോധിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ എന്നു വ്യക്തമാക്കുമോ? | | അനുബന്ധം II ആയി ചേർത്തിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മേൽ ഫയലിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. കൂടാതെ വകുപ്പിന്റെ സ്ഥാപനങ്ങൾ മറ്റ് പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ സാധ്യതയുള്ളതിനാൽ മൃഗാശുപത്രിയിലെത്തുന്ന മൃഗങ്ങളുടെ ക്ഷേമം മുൻനിർത്തി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**Annexure:1**
(See Para: 1.1)
**G.O. (P) 189/95/LAD dated 18/09/1995**

**കേരള സർക്കാർ**

**സംഗ്രഹം**

അധികാര വികേന്ദ്രീകരണം- കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശഭരണ (സി) വകുപ്പ്**

ജി.ഒ.(പി) നമ്പർ 189/95/ത.ഭ.വ തിരുവനന്തപുരം, 1995 സെപ്തംബർ 18

**ഉത്തരവ്**

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166(6), 167(1), 172(5), 173(5) എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം, പ്രസ്തുത ആക്ടിലെ മൂന്നാം പട്ടികയിൽ (അനുബന്ധം-1)) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും, സ്ഥാപനങ്ങളും, പദ്ധതികളും, സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും, നാലാം പട്ടികയിൽ (അനുബന്ധം-2) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും ബ്ലോക്കു പഞ്ചായത്തുകൾക്കും അഞ്ചാം പട്ടികയിൽ (അനുബന്ധം-3) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും ജില്ലാ പഞ്ചായത്തുകൾക്കും 1995 ഒക്ടോബർ-2-ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

2. അതുപോലെ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 30(3) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, പ്രസ്തുത ആക്ടിലെ ഒന്നാം പട്ടികയിൽ(അനുബന്ധം-4) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും 1995 ഒക്ടോബർ 2-ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽപ്പറഞ്ഞ പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം-5ൽ ചേർത്തിട്ടുണ്ട്. സ്ഥാപനങ്ങളോടൊപ്പം അവയുടെ ആസ്തി ബാദ്ധ്യതകളും വസ്തുവകകളും അവയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ തസ്തികകളും ഉദ്യോഗസ്ഥൻമാരും അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ്.

4. കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തസ്തികകൾക്കു പുറമെ അനു

ബന്ധം-5 ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മറ്റു ചില തസ്തികകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1995 ഒക്ടോബർ 2-ാം തീയതി മുതൽ സർക്കാർ വകുപ്പുകളിൽ നിന്ന് കൈമാറ്റം ചെയ്യപ്പെടുന്നതാണ്.

5. ഓരോ സ്ഥാപനവും ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാറ്റുന്നു എന്ന് വ്യക്തമാക്കികൊണ്ടും കൈമാറ്റം ചെയ്യപ്പെടുന്ന തസ്തികകൾ ഏത് സർക്കാർ ആഫീസിൽ നിന്ന് കൈമാറുന്നു എന്ന് കാണിച്ചുകൊണ്ടും അതത് വകുപ്പിന്റെ അദ്ധ്യക്ഷൻ 1995 സെപ്തംബർ 30-ാം തീയതിക്കു മുമ്പ് ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്. അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ നിർവ്വഹണ വകുപ്പിലേക്കും തദ്ദേശവകുപ്പിലേക്കും കൂടി അയയ്ക്കേണ്ടതാണ്.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന തസ്തികളിൽ അതതു സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തന്നെ, മറിച്ചൊരുത്തവ് ഉണ്ടാകുന്നതുവരെ തുടരേണ്ടതാണ്.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏൽപിച്ചുകൊടുത്തിട്ടുള്ള സർക്കാരിന്റെ അധികാരങ്ങളും ചുമതലകളും പദ്ധതികളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സർക്കാർ വകുപ്പുകൾ അവയ്ക്ക് ആഫീസ് സൗകര്യം ഉൾപ്പെടെയുള്ള ഭരണപരമായ എല്ല സൗകര്യങ്ങളും സാങ്കേതിക ഉപദേശങ്ങളും നൽകേണ്ടതാണ്.

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സേവനം വിട്ടുകൊടുക്കുന്നതിന്റെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ചും പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചും ഉള്ള ഉത്തരവുകൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ആർ.രാമചന്ദ്രൻ നായർ**

ചീഫ് സെക്രട്ടറി

File No. AHD/7570/2021-M3

# GOVERNMENT OF KERALA

ANIMAL HUSBANDRY

AH

M AH

SUBJECT

**Main Category** :

**Sub Category** :

**Description** : AHD - planning - Ernakulam District - Kanjoor Panchayat

OTHER DETAILS

**Language** : English

**Remarks** :

17

970450/2021/FAIRCOPY AH

അൻവർ സാദത്ത്
(ആലുവ)
അംഗം
കേരള നിയമസഭ
"ഓലിക്കര ഹൗസ്"
പരമ്പയം
നെടുമ്പാശ്ശേരി പി. ഒ.
പിൻ-683 585
ഓഫീസ് ആലുവ : 0484-2623003

ഫോൺ : 0471-2512301
നെയ്യാർ ബ്ലോക്ക്-8A
എം. എൽ. എ. ഹോസ്റ്റൽ
തിരുവനന്തപുരം
E-mail : anwarsadath18@gmail.com

സ്ഥലം തിരുവനന്തപുരം
തീയതി 06/08/2021

ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം

പ്രിയപ്പെട്ട ഡയറക്ടർ

ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ഒഴിഞ്ഞു കിടക്കുന്ന ഹാൾ കെ.എസ്.ഇ.ബി. ഓഫീസ് പ്രവർത്തിക്കുന്നതിനായി താൽക്കാലിക അനുമതി നൽകണമെന്ന കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതൊരു അടിയന്തിര ആവശ്യമായതിനാൽ ഈ വിഷയത്തിൽ എത്രയും വേഗം അനുമതി നൽകുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

അൻവർ സാദത്ത് ,എം.എൽ.എ.
(ആലുവ)

18

970450/2021/FAIRCOPY AH

-M-

An ISO 9001-2015 Certified Institution

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,

കാഞ്ഞൂർ പി. ഒ, എറണാകുളം ജില്ല. പിൻ–683575
ഫോൺ : 0484- 2462254 , Email: kanjoorgp@gmail.com

**നമ്പർ:എ2–4286/2021** **തീയതി :01/09/2021**

പ്രേഷകൻ

പ്രസിഡന്റ്,

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ഡയറക്ടർ,

മൃഗസംരക്ഷണ വകുപ്പ്,

വികാസ് ഭവൻ,

തിരുവനന്തപുരം - 695033

സർ,

വിഷയം : കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് – മൃഗാശുപത്രി കെട്ടിടം – മുകൾനിലയിൽ കെ എസ് ഇ ബി കെട്ടിടം പ്രവർത്തനം നടത്താനുള്ള അനുമതി –സംബന്ധിച്ച്

സൂചന : കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.08.2021 ലെ 19–ാം നമ്പർ തീരുമാനം

കാഞ്ഞൂർ കെ എസ് ഇ ബി കെട്ടിടത്തിന്റെ വാടക പൊതുജനങ്ങളിൽ നിന്ന് സംഭാവനയായി കണ്ടെത്തിയാണ് പ്രവർത്തിച്ചിരുന്നത്. കോവിഡ് സാഹചര്യങ്ങളാൽ വാടകകുടിശ്ശിക മൂലം ഓഫീസ് ഒഴിയേണ്ട സാഹചര്യം ഉടലെടുത്തിരിക്കുകയാണ്. കെ എസ് ഇ ബി ഓഫീസ് കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തേണ്ടത് ആവശ്യമായതിനാൽ , നിലവിൽ മൃഗാശുപത്രി കെട്ടിടത്തിന്റെ മുകൾനിലയിൽ ഒഴിഞ്ഞുകിടക്കുന്ന ഹാൾ കെ എസ് ഇ ബി ഓഫീസ് പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി ഉപയോഗിക്കാൻ അനുവാദം തരണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

GRACY DAYANANDAN
PRESIDENT
KANJOOR GRAMAPANCHAYAT
PH. 94 960 45 730

ഉള്ളടക്കം

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.08.2021 ലെ 19 –ാം നമ്പർ തീരുമാനം

19

970450/2021/FAIRCOPY AH

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

31.08.2021 തീയതി നടന്ന സാധാരണ

മീറ്റിംഗിലെ 19(1) –ാം നമ്പർ തീരുമാനം

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ആളുകൾക്ക് വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്ക്, കാലടി പഞ്ചായത്തിൽ മലയാറ്റൂർ റോഡിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി. ആഫീസിലേക്ക് പോകേണ്ട അവസ്ഥയാണുണ്ടായിരിക്കുന്നത്. ഈ അസൌകര്യം ഒഴിവാക്കുന്നതിനും, കാഞ്ഞൂർ നിവാസികളുടെ പൊതുവായുള്ള സൌകര്യത്തെ പരിഗണിച്ചും, കെ.എസ്.ഇ.ബി.യുടെ ആഫീസ് കാഞ്ഞൂരിൽ തന്നെ സ്ഥാപിച്ചു കിട്ടുന്നതിനുള്ള വലിയ പരിശ്രമത്തിന്റെ ഭാഗമായാണ് 2014-ൽ കെ.എസ്.ഇ.ബി, ആഫീസ് കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം പ്രദേശത്ത് പ്രവർത്തനം ആരംഭിക്കുന്നത്. എന്നാൽ ഈ ആഫീസിന്റെ വാടകയായി പ്രതിമാസം 15000/- രൂപ കാഞ്ഞൂർ നിവാസികൾ പിരിവ് എടുത്താണ് നൽകി വരുന്നത്. കൊറോണ മൂലം വളരെ സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെ കടന്നു പോകുന്ന ഈ സമയത്ത് വാടക കൊടുക്കുന്നത് വളരെ ബുദ്ധിമുട്ടായതിനാൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയേടത്തുള്ള മൃഗാശുപത്രിയുടെ മുകൾ നിലയിലേക്ക് കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം താൽകകാലികമായി മാറ്റുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി ബഹു. മൃഗസംരക്ഷണ ഡയറക്ടറോട്ടും, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചുറാണി അവർകളോട്ടും അഭ്യർത്ഥിച്ച് തീരുമാനിച്ചു

(ഒപ്പ്)
പ്രസിഡന്റ്

OFFICE OF THE KANJOOR GRAMA PANCHAYAT KANJOOR P.O.

WILSON P C
Secretary
Kanjoor Gramapanchayat
Ph. 94960 45731

// ശരി പകർപ്പ് //

20

970450/2021/FAIRCOPY AH

# Asset Register Report -Form2-Extract of Digital Register

## Local Body Name : Kanjoor Grama Panchayat

Form : Building

Asset register I

| Serial No | Book Page Rec | Form RefID | Form (A-E) | Transferred | Building Name | Village/Survey No | Area | Road Proximity | Construction Year | Construction Material: Roof | Construction Material: Wall | Construction Material: Floor | Plinth Area (Sq.M) | No. of Floors | Floor Area(Sq.M): 1st | 2nd | 3rd | 4th | 5th | Ancillary Units | Construction Cost from 1995 | Fittings description | Form1RefID | Ward No | Panchayat No | WatershedID | Remarks | Aq.date and BookValue | Addition Date and Cost | Deduction Date and Cost | Depreciation (%) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1A | intFo | 2A | 2B | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 |
| 14 | vol1 583 | 164000105800000003 | Others(Building) | Local body | അംഗൻവാടി നമ്പർ 21 ശ്രീമൂല നഗരം ഹെർബർട്ട് കോളനി | 57/5 | 0 Htr 1 Are 21 SqM | HERBURT 4 CENT COLONY ROAD | | Concrete | Brick | Tiles | 50.02 | 1 | 40.00 | | | | | Toilet block | 600000 | | | 15 | | | | | | | |
| 15 | vol1 584 | 164000105800000004 | Others(Building) | Local body | വെറ്റിനറി ഹോസ്പിറ്റൽ | 48/8 | 0 Htr 2 Are 95 SqM | CHOWARA VALLAM ROAD | 2006 | Concrete | Laterite stone | Cement | 226.00 | 2 | 123.00 | | | | | Toilet block | 525000 | | | 11 | | | | | | | |



Supervisor's Signature

5731255/2021/(M/AH)

An ISO 9001-2015 Certified Institution

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,

കാഞ്ഞൂർ പി. ഒ, എറണാകുളം ജില്ല. പിൻ-683575
ഫോൺ : 0484- 2462254 , Email: kanjoorgp@gmail.com

M

No. 1157 N/M(AH&DD)/2021

നമ്പർ:എ2-4286/2021 **Director, AHD** തീയതി :01/09/2021

പ്രേഷകൻ

**പരിശോധിക്കുക**

പ്രസിഡന്റ്,

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

7/12/2021

**ജെ. ചിഞ്ചുറാണി**
മൃഗസംരക്ഷണം, ക്ഷീരവികസനവകുപ്പ് മന്ത്രി

സ്വീകർത്താവ്

ശ്രീമതി . ജെ ചിഞ്ചുറാണി,

ബഹു. വകുപ്പ് മന്ത്രി , മൃഗസംരക്ഷണ വകുപ്പ്,

തിരുവനന്തപുരം

സർ,

വിഷയം : കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - മൃഗാശുപത്രി കെട്ടിടം - മുകൾനിലയിൽ കെ എസ് ഇ ബി കെട്ടിടം പ്രവർത്തനം നടത്താനുള്ള അനുമതി -സംബന്ധിച്ച്

സൂചന : 1. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.08.2021 ലെ 19-ാം നമ്പർ തീരുമാനം

16/12/2021

കാഞ്ഞൂർ കെ എസ് ഇ ബി കെട്ടിടത്തിന്റെ വാടക പൊതുജനങ്ങളിൽ നിന്ന് സംഭാവനയായി കണ്ടെത്തിയാണ് പ്രവർത്തിച്ചിരുന്നത്. കോവിഡ് സാഹചര്യങ്ങളാൽ വാടകകുടിശ്ശിക മൂലം ഓഫീസ് ഒഴിയേണ്ട സാഹചര്യം ഉടലെടുത്തിരിക്കുകയാണ്. കെ എസ് ഇ ബി ഓഫീസ് കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തേണ്ടത് ആവശ്യമായതിനാൽ , നിലവിൽ മൃഗാശുപത്രി കെട്ടിടത്തിന്റെ മുകൾനിലയിൽ ഒഴിഞ്ഞുകിടക്കുന്ന ഹാൾ കെ എസ് ഇ ബി ഓഫീസ് പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി ഉപയോഗിക്കാൻ അനുവാദം തരണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

GRACY DAYANANDAN
PRESIDENT
KANJOOR GRAMAPANCHAYAT
PH. 94 960 45 730

ഉള്ളടക്കം

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.08.2021 ലെ 19 -ാം നമ്പർ തീരുമാനം

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

31.08.2021 തീയതി നടന്ന സാധാരണ

മീറ്റിംഗിലെ 19(1) –ാം നമ്പർ തീരുമാനം

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ആളുകൾക്ക് വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്ക്, കാലടി പഞ്ചായത്തിൽ മലയാറ്റൂർ റോഡിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി. ആഫീസിലേക്ക് പോകേണ്ട അവസ്ഥയാണുണ്ടായിരിക്കുന്നത്. ഈ അസൌകര്യം ഒഴിവാക്കുന്നതിനും, കാഞ്ഞൂർ നിവാസികളുടെ പൊതുവായുള്ള സൌകര്യത്തെ പരിഗണിച്ചും, കെ.എസ്.ഇ.ബി.യുടെ ആഫീസ് കാഞ്ഞൂരിൽ തന്നെ സ്ഥാപിച്ചു കിട്ടുന്നതിനുള്ള വലിയ പരിശ്രമത്തിന്റെ ഭാഗമായാണ് 2014-ൽ കെ.എസ്.ഇ.ബി, ആഫീസ് കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം പ്രദേശത്ത് പ്രവർത്തനം ആരംഭിക്കുന്നത്. എന്നാൽ ഈ ആഫീസിന്റെ വാടകയായി പ്രതിമാസം 15000/- രൂപ കാഞ്ഞൂർ നിവാസികൾ പിരിവ് എടുത്താണ് നൽകി വരുന്നത്. കൊറോണ മൂലം വളരെ സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെ കടന്നു പോകുന്ന ഈ സമയത്ത് വാടക കൊടുക്കുന്നത് വളരെ ബുദ്ധിമുട്ടായതിനാൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയേടത്തുള്ള മൃഗാശുപത്രിയുടെ മുകൾ നിലയിലേക്ക് കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം താൽകകാലികമായി മാറ്റുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി ബഹു. മൃഗസംരക്ഷണ ഡയറക്ടറോടും, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചുറാണി അവർകളോടും അഭ്യർത്ഥിച്ച് തീരുമാനിച്ചു

(ഒപ്പ്)

GRACY DAYANANDAN
PRESIDENT
പ്രസിഡന്റ്
KANJOOR GRAMAPANCHAYAT
PH. 94 960 45 730

// ശരി പകർപ്പ് //

# Asset Register Report -Form2-Extract of Digital Register

## Local Body Name : Kanjoor Grama Panchayat

### Form : Building

Asset register I

| Serial No | Book Page Rec | Form RefID | Form (A-E) | Transferred | Building Name | Village/Survey No | Area | Road Proximity | Construction Year | Construction Material: Roof | Wall | Floor | Plinth Area (Sq.M) | No. of Floors | Floor Area(Sq.M): 1st | 2nd | 3rd | 4th | 5th | Ancillary Units | Construction Cost from 1995 | Fittings description | Form1RefID | Ward No | Panchayat No | WatershedID | Remarks | Aq.date and BookValue | Addition Date and Cost | Deduction Date and Cost | Depreciation (%) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1A | intFo | 2A | 2B | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 |
| 14 | vol1 583 | 1640001058000000003 | Others(Building) | Localbody | അംഗൻവാടി നമ്പർ 21 ശ്രീമൂല നഗരം ഹെർബർട്ട് കോളനി | 57/5 | 0 Htr 1 Are 21 SqM | HERBURT 4 CENT COLONY ROAD | | Concrete | Brick | Tiles | 50.02 | 1 | 40.00 | | | | | Toilet block | 600000 | | | 15 | | | | | | | |
| 15 | vol1 584 | 1640001058000000004 | Others(Building) | Localbody | വെറ്റിനറി ഹോസ്പിറ്റൽ | 48/8 | 0 Htr 2 Are 95 SqM | CHOWARA VALLAM ROAD | 2006 | Concrete | Laterite stone | Cement | 226.00 | 2 | 123.00 | | | | | Toilet block | 525000 | | | 11 | | | | | | | |



Supervisor's Signature

Generated from eOffice by DIBIN K S, M3 AH, AH on 11/03/22 12:00 PM

**പ്രിയ രഘു**
മെമ്പർ വാർഡ് XI
മാടശ്ശേരി വീട്
പാറപ്പുറം പി.ഒ.
പിൻ: 683575
ഫോൺ: 9495947451, 9544277393

AG
AdPSI

**കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**
കാഞ്ഞൂർ പി ഒ
എറണാകുളം ജില്ല
ഫോൺ: 0484-2462254
email:kanjoorgp@gmail.com

Ref: ബഹു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി. ശാരദ മോഹൻ മുമ്പാകെ ബോധിപ്പിക്കുന്ന, അപേക്ഷ Date: 05/09/21.

കാഞ്ഞൂർ നിവാസികളുടെ ചിരകാല അഭിലാഷമായിരുന്ന KSEB സെക്ഷൻ ഓഫീസ് 2014 മുതൽ ആണ് വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചത്. മാസം 15000 രൂപയ്ക്ക് ആണ് സ്വകാര്യ വ്യക്തിക്ക് വാടകയിനത്തിൽ നൽകി വരുന്നത്. പൊതുഫണ്ടിൽ നിന്നും വാടക നൽകുന്നതിന് ഓഡിറ്റ് തടസ്സം ഉണ്ടായതിനാൽ പൊതുജനങ്ങളിൽ നിന്നും പിരിവെടുത്താണ് വാടക നൽകിവരുന്നത്. വാടകയിനത്തിൽ 4 ലക്ഷം രൂപ കുടിശ്ശികയാണ്. ഏതു സമയവും കെട്ടിടം ഒഴിയേണ്ടി വരും എന്ന സാഹചര്യം ആണ് ഉടലെടുത്തിട്ടുള്ളത്. കോവിഡ് സാഹചര്യത്തിൽ പിരിവെടുക്കുന്നതിനും ബുദ്ധിമുട്ട് നേരിടുകയാണ്.

പഞ്ചായത്തിന്റെ മൃഗാശുപത്രി കെട്ടിടത്തിന്റെ ഒന്നാം നില കഴിഞ്ഞ വർഷത്തിലാണ് പഞ്ചായത്തു ഫണ്ടിൽ നിന്നും തുക ചിലവാക്കി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ഓഫീസിന്റെ ആവശ്യങ്ങൾക്ക് ഈ ഭാഗം ഉപയോഗിക്കുന്നില്ല. ആയതിനാൽ ഈ കെട്ടിടത്തിലേക്ക് താൽക്കാലികമായി KSEB ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് താല്പര്യമുണ്ട്.

Director, AHD
പരിശോധിക്കുക
23/11/2021
ജെ. ചിഞ്ചുറാണി
മൃഗസംരക്ഷണം, ക്ഷീരവികസനവകുപ്പ് മന്ത്രി

**പ്രിയ രഘു**
മെമ്പർ വാർഡ് XI
മാടശ്ശേരി വീട്
പാറപ്പുറം പി.ഒ.
പിൻ: 683575
ഫോൺ: 9495947451, 9544277393

**കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**
കാഞ്ഞൂർ പി ഒ
എറണാകുളം ജില്ല
ഫോൺ: 0484-2462254
email:kanjoorgp@gmail.com

*Ref:* *Date:* / /

സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ KSEB ഓഫീസിന്റെ പ്രവർത്തനം മൃഗാശുപത്രി കെട്ടിടത്തിന്റെ മുകളിലെ നിലയിലേക്ക് മാറ്റുന്നതിന് പഞ്ചായത്തിന് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്നാണ് മനസ്സിലാക്കുന്നത്.

ആയതിനാൽ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ നിന്നും മേൽകാര്യത്തിന് അനുമതി ലഭിക്കുന്നതിന് ആവശ്യമായതെല്ലാം ചെയ്തുതരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

വിശ്വാസപൂർവ്വം

[signature]

പ്രിയ രഘു
മെമ്പർ, വാർഡ് 11
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
94959 47451, 95442 77393

**File No.AHD/7570/2021-M3**

ഭരണഭാഷാ മാതൃഭാഷ

**<u>കത്ത് നമ്പർ : AHD/7570/2021-M3 തീയതി: 12/01/2022</u>**

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള വകുപ്പ് മന്ത്രിയുടെ ശുപാർശ സഹിതമുള്ള കത്തുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു .

Deputy Director
ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

ജില്ലാ മൃഗ സംരക്ഷണ ഓഫീസർ,
എറണാകുളം.

ഉള്ളടക്കം: മേൽ പ്രകാരം

ഭരണഭാഷാ മാതൃഭാഷ

നമ്പർ. DAHO/EKM/112/2022-A4

**ജില്ലാ മൃഗസംരക്ഷണ ഓഫീസ്**
**ക്ലബ് റോഡ്,എറണാകുളം**
**ഫോൺ. 0484-2360648**
**e-mail.** cruekm.ahd@kerala.gov.in

തീയതി: 18/01/2022

ജില്ലാ മൃഗസംരക്ഷണ ഓഫീസർ
എറണാകുളം

ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ജില്ലാ മൃഗസംരക്ഷണ ഓഫീസ്, എറണാകുളം - കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - പുതിയേടം മൃഗാശുപത്രി കെട്ടിടത്തിനുമുകളിൽ കെ.എസ്.ഇ.ബി ഓഫീസ് പ്രവൃത്തനം നടത്തുന്നത് അനുമതി - സംബന്ധിച്ച്

സൂചന:- 1) G.O (Rt) 677/2003/LSGD തീയതി.27.02.2003
2)അങ്ങയുടെ 12.01.2022 ലെ എ.എച്ച്.ഡി/7570/2021-എം.3 നമ്പർ പുറത്തെഴുത്ത്

സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു. പുതിയേടം മൃഗാശുപത്രിയുടെ മുകളിൽ കെ.എസ്.ഇ.ബി. ഓഫീസ്, പ്രവൃത്തിപ്പിക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**റിപ്പോർട്ട്**

സൂചന (1) ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വക സ്ഥലം മറ്റു പ്രവർത്തികൾക്ക് ഉപയോഗിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പുതിയേടം മൃഗാശുപത്രിയുടെ മുകളിൽ കെ.എസ്.ഇ.ബി. ഓഫീസ് സ്ഥിരമായി പ്രവൃത്തിപ്പിക്കുവാൻ നിർവ്വാഹമില്ല.

കൂടാതെ കെ.എസ്.ഇ.ബി. ഓഫീസ് പ്രവൃത്തിച്ചു തുടങ്ങിയാൽ പൊതുജനങ്ങൾ കൂടുതലായി വരുമ്പോൾ ജന്തു ജന്യ രോഗങ്ങൾ, പ്രത്യേകിച്ച് പ്രായമായവർക്ക് ടി രോഗങ്ങൾ പിടിപെടുന്നതിനു സാദ്ധ്യത വളരെ കൂടുതലാണ്. മൃഗാശുപത്രിയിൽ പൊതുജനങ്ങൾ ധാരാളമായി വരുന്ന ഒരു സ്ഥാപനം ആകയാൽ മറ്റൊരു സർക്കാർ ഓഫീസുകൂടി ഇവിടെ പ്രവൃത്തിപ്പിക്കുന്നത് രണ്ട് സ്ഥാപനങ്ങളുടേയും ദൈനം ദിന പ്രവൃത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നും അങ്ങയെ അറിയിക്കുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യ പ്രകാരം കത്തിൽ പറഞ്ഞിരിക്കുന്ന പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് പുതിയേടം മൃഗാശുപത്രിയ്ക്ക് മുകളിൽ കെ.എസ്.ഇ.ബി. ഓഫീസ് പ്രവൃത്തിപ്പിക്കുന്നതിന് താൽക്കാലികമായി പോലും അനുമതി നൽകുന്നപക്ഷം രണ്ട് സ്ഥാപനങ്ങളുടേയും സുഗമമായ പ്രവർത്തനത്തിന് കെ.എസ്.ഇ.ബി. ഓഫീസിന് പുതിയ സ്ഥലം എത്രയും

വേഗം കണ്ടെത്തുവാൻ പഞ്ചായത്തിന് നിർദേശം നൽകാവുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നു.

വിശ്വസ്തതയോടെ,

Digitally signed by BABY JOSEPH
Date:Tue Jan 18 12:26:33 IST 2022
Reason: Approved

ജില്ലാ മൃഗസംരക്ഷണ ഓഫീസർ
എറണാകുളം

GOVERNMENT OF KERALA
Abstract

Assets transferred to Local Governments - utilization of income from land - orders issued.

---

LOCAL SELF GOVERNMENT (RD) DEPARTMENT
G.O(Rt)No.677/2003/LSGD, Dated, Thiruvananthapuram 27.2.2003

---

O R D E R

As part of decentralization various public assets have been transferred to Local Government. These assets like schools, Hospitals, Agricultural Farms, Roads etc. have land which can be used productively by local Governments, even though local Governments do not have the right to alienate such land or use it for purposes unrelated to the original purpose of the asset.

Local Governments have pointed out that they are willing to invest in the land and develop it productively if the existing stipulation that the revenue from such assets be credited to Govt. Account is modified and the local Governments are allowed to credit such income to the Panchayat Fund or Municipal fund as the case may be.

Government have examined the matter in detail and are pleased to order that the income accruing from the assets like schools, hospitals, farms etc. which are under the control of Local Governments should transferred as own income of the local Governments concerned.

(By order of the Governor)
N. Chandrasekharan Nair
Cheif Secretary to Government

Endt. on B. 5959/03/L.Dis. dt. 19.4.2003.

Copy communicated to all officers for information and for strict compliance.

Copy to.1.The Dist.Animal Husbandry Officer DD(AH), VS and All sections of this Office.
" Stock File B.
" G.O File B.

Dist.Animal Husbandry Officer,
Ernakulam

S/

**File No.AHD/7570/2021-M3**

ഭരണഭാഷാ മാതൃഭാഷ

നമ്പർAHD/7570/2021-M3

**മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്**
**വികാസ് ഭവൻ,തിരുവനന്തപുരം** -33
**ഫോൺ : 0471 -2302283**
**ഇമെയിൽ : directorah.ker@nic.in**
**തീയതി :07/02/2022**

ഡയറക്ടർ,

പ്രിൻസിപ്പൽ സെക്രട്ടറി,
മൃഗ സംരക്ഷണം (ജി) വകുപ്പ്.

സർ,

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് -ആസൂത്രണം-എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ പുതിയേടം മൃഗാശുപത്രി കെട്ടിടത്തിന് മുകളിൽ KSEB ഓഫീസിന്റെ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്-

സൂചന:- വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 5731255/2021/MIN(AH), 1157/N/M/(AH&DD)/2021 നമ്പർ കത്ത്.

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ, പുതിയേടം മൃഗാശുപത്രി കെട്ടിടത്തിന് മുകളിൽ KSEB ഓഫീസിന്റെ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകണമെന്ന് മേൽ സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള വസ്തു വകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കു മാത്രം ഉപയോഗപെടുത്തേണ്ടതാണെന്നും, മറ്റു യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തുവാൻ പാടില്ലായെന്നും GO (Rt) No. 677/2003/ LSGD dated 27.02.2003 പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഡയറക്ടറുടെ 08/01/2018 ലെ C2/15471/2018 സർക്കുലർ പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ എന്ത് ആവശ്യത്തിനാണോ നിലകൊള്ളുന്നത് ആയതു അതേപടി നിലനിർത്തി കൊണ്ട് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുവാനാണ് നിലവിലെ സർക്കാർ ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ വകുപ്പ് തല പ്രവർത്തനങ്ങൾക്ക് ഒഴികെ മറ്റു ഇതര പ്രവർത്തനങ്ങൾ മൃഗാശുപത്രി വളപ്പിൽ അനുവദനീയമല്ലായെന്ന വിവരം അറിയിക്കുന്നു.

കൂടാതെ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പുതിയേടം മൃഗാശുപത്രിക്കു മുകളിൽ

**File No.AHD/7570/2021-M3**

താൽക്കാലികമായി പോലും KSEB ഓഫീസ് പ്രവർത്തിപ്പിക്കുന്നത് മൂലം, രണ്ടു സർക്കാർ ഓഫീസുകളിലും പൊതു ജനങ്ങൾ ധാരാളമായി വന്നു ചേരുമെന്നതിനാൽ, ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ സാദ്ധ്യത കൂടുതലാണെന്നും, ദൈനംദിനപ്രവർത്തനങ്ങളെ ബാധിക്കുമെന്നും, മൃഗാശുപത്രിയിൽ എത്തുന്ന മൃഗങ്ങളുടെ ക്ഷേമത്തെ ബാധിക്കുന്നതിനാലും ഇത്തരം പ്രവർത്തനങ്ങൾ മൃഗാശുപത്രി വളപ്പിൽ അനുവദിക്കുവാൻ കഴിയില്ലെന്ന വിവരം സർക്കാരിനെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Additional Director
ഡയറക്ടർക്കു വേണ്ടി.

പകർപ്പ്: പ്രസിഡന്റ്,കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് , എറണാകുളം.683575.

**Note No. #1**

ബഹു.എറണാകുളം എം.എൽ.എ. അൻവർ സാദത്തിന്റെ കത്ത് കണ്ടാലും. കാഞ്ഞൂർ പഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടത്തിന്റെ മുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഹാൾ കെ.എസ്.ഇ.ബി. പ്രവർത്തിക്കുന്നതിന് താൽക്കാലിക അനുമതി നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് എറണാകുളം ജില്ലാ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടാവുന്നതല്ലേ. മേൽ നിർദ്ദേശത്തിനായി.

**10/12/2021 12:07 PM**

**GEETHAKUMARI S**
**(M3 AH)**

**Note No. #2**

ജില്ല ാ ഓഫീസറുടെ റിപ്പേ ാർട്ടു വാങ്ങ ാവുന്ന താണ് .നിർദേശങ്ങൾക്കായി .

**18/12/2021 4:03 PM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**

**Note No. #3**

yes

**30/12/2021 2:36 PM**

**DR GIRI S S (PEN 438139)**
**(DD(PLG) AH)**

**Note No. #4**

**30/12/2021 4:27 PM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**

**Note No. #5**

എറണാകുളം ജി.മൃ.സം.ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ

പുറത്തെഴുത്ത് കത്ത് അംഗീകരിച്ചാലും.

**10/01/2022 8:50 PM**

**A RESMI**
**(M3 AH)**

## Note No. #6

കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ് .

**12/01/2022 4:22 PM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**

## Note No. #7

Approved and signed

**12/01/2022 4:45 PM**

**DR GIRI S S (PEN 438139)**
**(DD(PLG) AH)**

## Note No. #8

**12/01/2022 8:18 PM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**

## Note No. #9

എറണാകുളം ജി.മൃ.സം.ഓഫീസറുടെ TOC NO.1109898/2022 പ്രകാരമുള്ള റിപ്പോർട്ട് കണ്ടാലും. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പുതിയേടം മൃഗാശുപത്രിക്ക മുകളിൽ താൽക്കാലികമായി പോലും ഓഫീസ് പ്രവർത്തിപ്പിക്കുന്നത് മൂലം രണ്ടു സർക്കാർ ഓഫീസുകളിലും പൊതു ജനങ്ങൾ ധാരാളമായി വന്നു ചേരുമെന്നതിനാൽ ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ സാദ്ധ്യത കൂടുതലാണെന്നും ദൈനംദിനപ്രവർത്തനങ്ങളെ ബാധിക്കുമെന്നും എറണാകുളം ജി.മൃ.സം.ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ നിർദേശങ്ങൾക്കായി സമർപ്പിക്കുന്നു.

**20/01/2022 12:12 PM**

**A RESMI**
**(M3 AH)**

**Note No. #10**

മൃഗാശുപത്രിക്കു മുകളിൽ താൽക്കാലികമായി പോലും കെ എസ ഇ ബി ഓഫീസ് പ്രവർത്തിക്കാൻ അനുവദിക്കാൻ കഴിയില്ല എന്ന് പഞ്ചായത്തു പ്രെസിഡന്റിനേയും എം എൽ എ യും അറിയിക്കാവുന്നതല്ലേ . നിർദേശങ്ങൾക്കായി .

**20/01/2022 12:41 PM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**

**Note No. #11**

Agreed to note # 10. For further instructions.

**24/01/2022 3:16 PM**

**DR GEETHA S KUMAR PHILLIPS (754865)**
**(DD(PLG) AH)**

**Note No. #12**

Go (Rt) No 677/2003/LSGD dated 27.02.2003 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഡയറക്ട് രുടെ 08/01/2018 ലെ C2/15471/2018 സർക്കുലർ പ്രകാരവും കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തോട് അനുബന്ധിച്ചുള്ള വസ്തു വകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങ ൾക്കു മാത്രം ഉപയോഗപെടുത്തേണ്ടതാണെന്നും മറ്റു യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തികൂടാ എന്നും വ്യക്തമാക്കിയിട്ടുണ്ട് . കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ എന്ത് ആവശ്യത്തിനാണോ നിലകൊള്ളുന്നത് ആയതു അതെ പടി നിലനിർത്തി കൊണ്ട് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുവാനാണ് നിലവിലെ സർക്കാർ ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ വകുപ്പ് തല പ്രവർത്തനങ്ങൾക്ക് ഒഴികെ മറ്റു ഇതര പ്രവർത്തനങ്ങൾ മൃഗാശുപത്രി വളപ്പിൽ അനുവദനീയമല്ല .പൊതുജനങ്ങൾക്ക് ജന്തുജന്യ രോഗ ഭീഷണി നില നിൽക്കുന്നതിനാലും മൃഗാശുപത്രിയുടെ ദൈനം ദിനപ്രവർത്തനങ്ങളെ ബാധിക്കുന്നതിനാലും മൃഗാശുപത്രിയിൽ എത്തുന്ന മൃഗങ്ങളുടെ ക്ഷേമത്തെ (Animal welfare )ബാധിക്കുന്നതിനാലും ഇത്തരം പ്രവർത്തനങ്ങൾ മൃഗാശുപത്രി വളപ്പിൽ അനുവദനീയമല്ല എന്ന വിവരം സർക്കാരിലേക്കും M L A യേയും പഞ്ചായത്ത് അധികൃതരെയും അറിയിക്കാവുന്നതാണ്

**25/01/2022 3:32 PM**

**DR D K VINUGI (PEN 447317)**
**(ADDL. DIR(PLG) AH)**

**Note No. #13**

Note 12 agreed.

**03/02/2022 3:59 PM**

**DR A KOWSIGAN I A S (618312)**
**(DIR AH)**

**Note No. #14**

സർക്കാരിനുള്ള കത്തിന്റെ കരട് അംഗീകരിച്ചാലും.

**07/02/2022 3:39 PM**

**A RESMI**
**(M3 AH)**

**Note No. #15**

കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ് .

**07/02/2022 3:45 PM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**

**Note No. #16**

Draft may be approved.

**07/02/2022 4:47 PM**

**DR GEETHA KUMAR PHILLIPS (754865)**
**(DD(PLG) AH)**

**Note No. #17**

**07/02/2022 5:06 PM**

**DR D K VINUGI (PEN 447317)**
**(ADDL.DIR AH)**

**Note No. #18**

Approved&Signed

**07/02/2022 5:10 PM**

**DR D K VINUGI (PEN 447317)**
**(ADDL. DIR(PLG) AH)**

**Note No. #19**

സർക്കാരിലേക്കുള്ള കത്ത് അയച്ച കഴിഞ്ഞു. സർക്കാരിൽ നിന്നും മറുപടി ലഭ്യമാകുംവരെയോ ഒരു മാസത്തേയ്ക്കോ ഏതാണോ ആദ്യം അതുവരെ ഫയൽ പാർക്ക് ചെയ്യാവുന്നതല്ലേ. അനുമതിയ്ക്കായി ഫയൽ സമർപ്പിക്കുന്നു.

**24/02/2022 2:26 PM**

**DIBIN K S**
**(M3 AH)**

**Note No. #20**

നോട്ട് # 19 ൽ സൂചിപ്പിക്കുന്ന പോലെ ഫയൽ പാർക് ചെയ്യാവുന്നതാണ് .നിർദേശങ്ങൾക്കായി .

**25/02/2022 10:53 AM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**

**Note No. #21**

Agreed to note # 20.

**27/02/2022 8:38 PM**

**DR GEETHA KUMAR PHILLIPS (754865)**
**(DD(PLG) AH)**

**Note No. #22**

**28/02/2022 11:55 AM**

**JAYA SIVA SANKARAN NAIR**
**(SS(M) AH)**